25

# ശിഷ്യത്വത്തിലേക്കുള്ള വഴിയിൽ

## (9:1- 9; 22:4- 11; 26:9-19)

"ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും"[1] "ഏറ്റവും പ്രസിദ്ധവുമായ സംഭവം"[2] - ദുഷ്കീർത്തിപ്പെടുത്തിയ തർസൊസുകാരനായ ശൗലിന്റെ[3] പരിവർത്തനത്തെയാണ് നാം ഈ പാഠത്തിലും അടുത്തതിലും പഠിക്കുന്നത്. അപ്പൊസ്തല പ്രവൃത്തികളിൽ മൂന്ന് അദ്ധ്യായങ്ങളിൽ ശൗലിന്റെ പരിവർത്തനത്തെപ്പറ്റി പറയുന്നുണ്ട്:[4] 9-ാം അദ്ധ്യായത്തിൽ അതു സംഭവിച്ചതെപ്പോൾ, എന്നും 22 ഉം 26 ഉം അദ്ധ്യായങ്ങളിൽ അപ്പൊസ്തലൻ അതു മറ്റുള്ളവരോടു പറഞ്ഞപ്പോഴും വിശദമാക്കുന്നു.[5] മൂന്നു വിവരണങ്ങളും കൂട്ടിച്ചേർക്കുമ്പോൾ, നമുക്കു പൂർണ്ണമായ ഒരു ചിത്രം കിട്ടു.[6]

### ഇളക്കാൻ പറ്റാത്ത കുറ്റം
**(9:1, 2; 22:4, 5; 26:9-12)**

ശൌലിൽ വന്ന മാറ്റത്തെ നാം അനുമോദിക്കുവാൻ, പരിവർത്തനത്തിനു മുൻപുള്ള അവന്റെ ജീവിതത്തെ നാം അറിയേണ്ടിയിരിക്കുന്നു. അവന്റെ ലേഖനങ്ങളിലെ വ്യക്തിപരമായ സൂചനകളും കൂട്ടിച്ചേർത്തു നോക്കിയാൽ, അചഞ്ചലമായ ഉപദ്രവകാരിയായ ഒരു യുവാവിനെയാണ് നാം കാണുന്നത്. ക്രിസ്ത്യാനികളെ നശിപ്പിക്കയും[7] യേശുവിന്റെ നാമം ഭൂമിയിൽ നിന്നു തുടച്ചു നീക്കുകയുമായിരുന്നു അവന്റെ കുറ്റം.

"അപ്രധാനമല്ലാത്ത റോമാ പ്രദേശമായിരുന്നു"[8] കിലികൃയിലെ തർസൊസിൻ മാതാപിതാക്കളാൽ ജനിച്ചവനായിരുന്നു, ശൗൽ. ബെഞ്ചമിൻ ഗോത്രത്തിൽ പെട്ടവരായിരുന്നു അവന്റെ കുടുംബാഗംങ്ങൾ (ഫിലിപ്പിയർ 3:5); ആ ഗോത്രത്തിൽ ഏറ്റവും പ്രഗത്ഭനായി അറിയപ്പെട്ട ശൗൽ രാജാവിന്റെ പേരാണ്[9] അവന്നു ഇട്ടത്. അവന്റെ കുടുംബത്തിൽ നിന്നു, അവൻ സ്വത്ത് അവകാശമാക്കി, റോമാ പൗരത്വമുള്ളവനായിരുന്നു, യെഹൂദമതത്തോടും എരിവും അവനുണ്ടായിരുന്നു.[10] യെഹൂദമതത്തിലെ[11] ''കർക്കശപക്ഷമായ'' പരീശനായിട്ടാണ് വളർത്തപ്പെട്ടത് (23:6).

ശൗൽ ബാല്യത്തിൽ, തർസൊസിൽ വെച്ചു ദൈവവചനവും[12] തൊഴിലും അഭ്യസിച്ചിരുന്നു.[13] പ്രശസ്തന്യായപ്രമാണ ഉപദേഷ്ടാവായിരുന്ന ഗമാലിയേലിന്റെ കാൽക്കീഴിൽ ഇരുന്നു അഭ്യസിക്കേണ്ടതിനു[14] യുവാവായിരുന്നപ്പോൾ, അവനെ യെരുശലേ മിലേക്കു അയച്ചിരുന്നു.[15] അപഗ്രഥിക്കുന്ന മനസ്സും, എരിവും, തളരാത്ത ഊർജ്ജവും,[16] അവനിലുണ്ടായിരുന്നു. യെഹൂദ സമൂഹത്തിൽ പെട്ടെന്ന് മുതിർന്നു വന്നവനായി ശൗൽ (ഗലാതൃർ 1:14). ഒരുപക്ഷേ അവൻ ന്യായാധിപ സംഘത്തിൽ അംഗമായിരുന്നേക്കാം.[17] ആയിരുന്നാലും അല്ലെങ്കിലും, "യെരുശലേമിലെ പരീശന്മാർക്കിടയിൽ പരീശയുവാക്കളിൽ അവൻ ഭാവി വാഗ്ദാനമായിരുന്നു, അവൻ യെഹൂദമതവിശ്വാസത്തിനു വേണ്ടിയുള്ള ഒരു വലിയ അദ്ധ്യക്ഷനാകുവാനുള്ള വഴിയിലായിരുന്നു അവൻ."[18]

അവന്റെ മുപ്പതുകളിൽ,[19] താൻ സ്നേഹിച്ച യെഹൂദമതം ഭ്രംശഭീഷണി നേരിട്ടു.[20] ആയിരക്കണക്കിനു തന്റെ യെഹൂദ സഹോദരങ്ങൾ മോശെയുടെ ന്യായപ്രമാണത്തിൽ നിന്നു അറിയപ്പെടാത്ത ഗലീലക്കാരനും ആശാരിയുമായ യേശു എന്നു പേരുള്ളവനിലേക്കു തിരിഞ്ഞു. അനവധി പുരോഹിതന്മാരും ഈ മതഭേദത്തിൽ ചേർന്നു (6:7). കുറ്റക്കാരനായി ക്രൂശിക്കപ്പെട്ട, ഒരുവനെ അനുഗമിക്കുക എന്നതിനോട് യോജിക്കാൻ അവനായില്ല. ഒരു നിയമവും പറഞ്ഞിട്ടില്ല, ''മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ എന്നല്ലേ പറഞ്ഞതു"? (ഗലാതൃർ 3:13; ആവർത്തന പുസ്തകം 21:22, 23).

കീഴിലാക്കാനായി, പറന്നു തുടങ്ങുന്ന പ്രസ്ഥാവനയെ ആ ശ്രമം ഉപയോഗിച്ച പോലും തടയിടാൻ മുൻകരുതലിനായി തന്റെ മാർഗ്ഗദർശിയായ ഗമാലിയേൽ കല്പിച്ചിരിക്കാം,[21] യെഹൂദമതവും ക്രിസ്ത്യാനിത്വവും ഒരുമിച്ചായിരിക്കുന്നതു ശരിയല്ല എന്നു ശൗലിന്നു തോന്നി. യെഹൂദമതം വ്യാപിക്കണമെങ്കിൽ, ക്രിസ്ത്യാനിത്വത്തെ നശിപ്പിക്കണം! അതുകൊണ്ട് യെരുശലേമിലെ ശക്തി കേന്ദ്രത്തിന്റെ പിന്തുണയോടെ, യെഹൂദമതത്തിന്റെ ഹൃദയത്തെകാർന്നു തിന്നു കൊണ്ടിരുന്ന മാരകമായ മുഴയെ നീക്കം ചെയ്യാൻ അവൻ വലിയൊരു കൂട്ടത്തെ സംഘടിപ്പിച്ചു.[22] പിന്നീട് അവൻ പിന്നീട് തന്നെ വിഴുങ്ങിയ ആ ഒഴിയാബാധയെ എഴുതുകയുണ്ടായി:

> ഞാൻ പുരുഷന്മാരെയും സ്ത്രീകളെയും പിടിച്ചു കെട്ടിതടവിൽ എല്പിക്കും. ഈ മാർഗ്ഗക്കാരെ കൊല്ലുവാനും, മടിക്കാതെ ഉപദ്രവിച്ചു വന്നു (22:4).
>
> സാക്ഷിയായ സ്തെഫാനൊസിന്റെ രക്തം ... ചൊരിഞ്ഞപ്പോൾ, ഞാനും സമ്മതിച്ചു, ... അരികെ നിന്നു അവനെ കൊല്ലുന്നവരുടെ വസ്ത്രം കാത്തുകൊണ്ടിരുന്നു എന്നും അവർ അറിയുന്നുവല്ലൊ എന്നു പറഞ്ഞു (22:20).
>
> ... മഹാപുരോഹിതന്മാരോടു അധികാരപത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിൽ ആക്കി അടെച്ചു, ... അവരെ നിഗ്രഹിക്കുന്ന

> സമയം ഞാനും സമ്മതം കൊടുത്തു (26:10).
>
> ... ഞാൻ ... [ദൈവത്തിന്റെ സഭയെ] അത്യന്തം ഉപദ്രവിച്ചു മുടിക്കയും ചെയ്തു (ഗലാത്യർ 1:13).

ശൗലിന്റെ പരിശ്രമത്താൽ എത്ര ക്രിസ്ത്യാനികൾ രക്ത സാക്ഷികളായി തീർന്നിട്ടുണ്ട് എന്ന് കർത്താവിനു മാത്രം അറിയാം.[23]

യേശു ക്രിസ്തുവിന്റെ ശിഷ്യന്മാർ യെരുശലേമിൽ നിന്നു ഓടിപ്പോയപ്പോൾ (8:1), വിശ്വാസത്യാഗം തകർക്കപ്പെട്ടുവെന്നു ശൗൽ വിചാരിച്ചിരിക്കണം. പിന്നെ കേട്ടത് എവിടെയെല്ലാം യേശുവിന്റെ ശിഷ്യന്മാർ പോയോ അവിടെയെല്ലാം അവർ തങ്ങളുടെ വിശ്വാസം പരത്തി (8:4). കുറച്ചു മാത്രം ഉദ്ദേശമുള്ളവർ പരാജയം സമ്മതിക്കും - എന്നാൽ ശൗൽ അങ്ങനെയല്ല. അവൻ ഈ ക്രിസ്ത്യാനികളെ തിരഞ്ഞു കണ്ടുപിടിക്കാനൊരുങ്ങി! ഈ സമയം അവർ അവനിൽ നിന്നു രക്ഷപ്പെടുകയില്ല!

ശൗലിന്റെ പദ്ധതികൾ പലനിയമ പരമായ സിദ്ധാന്തങ്ങളെയും ആശ്രയിച്ചാണ് നടന്നത്.[24] (1) യെഹൂദനിയമാവലിയനുസരിച്ചു, ലോകം മുഴുവനുള്ള യെഹൂദന്മാർ മഹാപുരോഹിതന്നു കീഴ്പ്പെടണം (അതുകൊണ്ട്, മഹാപുരോഹിതന്റെ ഒരു കത്തിനു വലിയ മതപ്പുണ്ട്). (2) റോമാനിയമത്തിൻ കീഴിലുള്ള, ക്രിസ്ത്യാനികൾ നിയമപരമായി യെഹൂദന്മാരാണ് - വിശ്വാസഘാതകനായ യെഹൂദർ, അവരെ യെഹൂദന്മാർ എന്നുതന്നെ ഗണിച്ചിരുന്നു. (യെഹൂദമതാധികാരികൾ യെഹൂദ ക്രിസ്ത്യാനികളെ അച്ചടക്കം വരുത്തുന്നതു റോമാക്കാർ അത്ര കാര്യമായി എടുത്തില്ല.)

മഹാപുരോഹിതന്റെ കത്തു കയ്യിൽ ഉണ്ട് (9:2; 22:5) ന്യായാധിപസംഘത്തിന്റേയും (22:5), യെഹൂദ അധികാരികളുടേയും എഴുത്തുമുണ്ട് (26:10, 12), തന്നോടു കൂടെയുണ്ടായിരുന്ന സായുധരായ പുരുഷന്മരോടൊപ്പം അവൻ "അടുത്ത പട്ടണ" ങ്ങളിലേക്കു പോയി.[25] പ്രാദേശിക പള്ളികളിലെ ഉദ്യോഗസ്ഥരുടെ സഹായത്താൽ, അവൻ യേശുവിന്റെ ശിഷ്യന്മാരെ വളഞ്ഞു വലിച്ചിഴച്ചു അവരെ ശിക്ഷിക്കേണ്ടതിനു യെരുശലേമിലേക്കു കൊണ്ടുവന്നു.

9-ാം അദ്ധ്യായത്തിൽ ആരംഭത്തിൽ, ശൗൽ തന്റെ അഭിലാഷ നിവർത്തിക്കായി - പുരാതന പട്ടണമായ ദമസ്ക്കൊസിലേക്കുള്ള നിർണ്ണായക യാത്രക്കൊരുങ്ങി.

> ശൗൽ, കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കുലയും[26] നിശ്വസിച്ചുകൊണ്ട് മഹാപുരോഹിതന്റെ അടുക്കൽ ചെന്നു[27] ദമസ്ക്കൊസിൽ[28] ഈ മാർഗ്ഗക്കാരായ വല്ല പുരുഷന്മാരെയോ സ്ത്രീകളെയോ കണ്ടാൽ അവരെ[29] പിടിച്ചു കെട്ടി യെരുശലേമിലേക്കു[30] കൊണ്ടു വരുവത്തക്കവണ്ണം അവിടത്തെ[31] പള്ളികളിൽ നിന്ന് [ന്യായാധിപ സംഘത്തിന്റേയും] അധികാര പത്രം[32] വാങ്ങി[33] (9:1, 2).

യാത്ര ചെയ്യത്തക്ക ദൂരങ്ങൾ, യെരുശലേമിൽ ഏതാണ്ട് 140 മൈൽ വടക്കു - വടക്കു കിഴക്കായി ജനങ്ങൾ തിങ്ങിപ്പാർത്തിരുന്ന സ്ഥലമായിരുന്നു ദമസ്ക്കൊസ്.[34] നടന്ന് അവിടെ എത്താൻ ഒരാഴ്ച്ച വേണം.[35]

യാത്ര പുരോഗമിക്കുന്തോറും ശൗലിന്റെ ഉള്ളിൽ തിളച്ചുകൊണ്ടിരുന്ന കലാപത്തെക്കുറിച്ചു വ്യാഖ്യാതാക്കൾ തങ്ങളുടെ ഭാവന വിപുലമാക്കി,[36] എന്നാൽ നാം ശ്രദ്ധിക്കണം. ഈ ആവേശമുള്ള യുവാവിനു തന്റെ യാത്രയിൽ ധാരാളം ചിന്തിക്കാനുണ്ട്:[37] സ്തെഫാനൊസിന്റെ ശക്തമായ പ്രസംഗവും അവന്റെ മരണവും നടന്നിട്ടും, യേശുവിന്റെ അനുയായികൾ ഉപദ്രവങ്ങളുടെ മദ്ധ്യത്തിൽ തങ്ങളുടെ വിശ്വാസം നിലനിർത്തി, ക്രിസ്ത്യാനിത്വം ദൈവത്തിൽ നിന്നല്ലെങ്കിൽ അതു തനിയെ ഇല്ലാതാകും എന്നാണ് ഗമാലിയേൽ പറഞ്ഞത് (ക്രിസ്ത്യാനിത്വം ഇല്ലാതാകുന്ന അടയാളമൊന്നും കാണുന്നില്ല!) അതേ സമയം, പരിവർത്തനത്തിനു മുൻപു തന്റെ മാനസികാവസ്ഥ എങ്ങനെയായിരുന്നു എന്നു അപ്പൊസ്തലൻ പ്രസ്താവിക്കുന്നതു നാം മാനിക്കണം:

> സഹോദരന്മാരേ, ഞാൻ ഇന്നേദിവസത്തോളവും കേവലം നല്ല മനസാക്ഷിയോടും കൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു എന്നു പറഞ്ഞു (23:1).

> ... ഞാൻ പൂർവ്വന്മാരുടെ ദൃഷണം അനുസരിച്ചു നിർമ്മല മനസ്സാക്ഷിയോടെ [ദൈവത്തെ] ആരാധിച്ചു ... (2 തിമൊഥെയൊസ് 1:3).

> യേശുവിന്റെ നാമത്തിനു വിരോധമായി പലതും പ്രവർത്തിക്കണം എന്നു ഞാനും വിചാരിച്ചു സത്യം (26:9).

ഗലാത്യർ 1:15-ൽ, സംഭവിച്ചതെല്ലാം തന്റെ പരിവർത്തനത്തിലേക്കു നയിച്ചു എന്നു പൗലൊസ് പിന്നീട് പറഞ്ഞു, ക്രിസ്തു അവന്നു പ്രത്യക്ഷനാകുന്നതിനു മുൻപു അവന്റെ മനസാക്ഷിക്കു ആഘാതമേറ്റു എന്നു പറഞ്ഞാൽ അതു അതിശയോക്തി ആയിരിക്കും.[38] അവന്റെ യാത്രയുടെ അരംഭം മുതൽ അവസാനം വരെ അവൻ ഇളകാത്ത കുറ്റക്കാരൻ തന്നെയായിരുന്നു അവന്റെ മനസ്സാക്ഷിയെ കുറ്റപ്പെടുത്തിയതു കൊണ്ടായിരുന്നില്ല അവന്റെ പരിവർത്തനം, മറിച്ചു മനസ്സലിവുള്ള ക്രിസ്തുവാണ് കാരണം!

## അപ്രതീക്ഷിതമായ ഏറ്റുമുട്ടൽ
**(9:3-5; 22:6-8; 26:13-15)**

യാത്രയുടെ അവസാനദിവസം ഉച്ചയോടടുത്ത സമയമായിരുന്നു അത് ദമസ്ക്കൊസിന്റെ മതിലുകൾ കാണാം. യാത്രക്കാർ സാധാരണ മദ്ധ്യാഹനത്തിൽ ചുടു കൂടുതലാകകൊണ്ട് വിശ്രമിക്കുന്ന സമയമാണ്; എന്നാൽ ശൗൽ തന്റെ കലാപത്തിന്റെ ആവേശത്തിലാണ്, കൊലക്കായി തന്റെ സംഘത്തെ ഉത്തേജിപ്പിച്ചു കൊണ്ടിരിക്കയാണ്:

അപ്പോൾ, പെട്ടെന്നു, അവന്റെ ലോകം കീഴ്മേൽ മറിഞ്ഞു.

> അവൻ പ്രയാണം ചെയ്തു ദമസ്കൊസിനു സമീപിച്ചപ്പോൾ [ഏതാണ്ട് ഉച്ചസമയം[39]], പെട്ടെന്നു ആകാശത്തു നിന്നു ഒരു [വലിയ വെളിച്ചം[40]] [സൂര്യനെക്കാൾ പ്രകാശം[41] അവന്റെ ചുറ്റും മിന്നി; [(അവനോട്)[42] കൂടെ യാത്ര ചെയ്തിരുന്നവരും] അവൻ നിലത്തു വീണു; "ശൗലേ, ശൗലേ,[43] നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?" എന്നു എന്നോടു പറയുന്ന ഒരു ശബ്ദം [എബ്രായ ഭാഷയിൽ[44]] കേട്ടു [മുള്ളിനു നേരെ ഉതകുന്നതു നിനക്കു വിഷമമാകുന്നു[45]] (9:3, 4).

മിന്നുന്ന വെളിച്ചം സംശയത്തിനു ഒരിടവും കൊടുത്തില്ല: അതു സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു ദർശനമായിരുന്നു! ശൗലിനു ഒരു പുരുഷനെ കാണാമായിരുന്നു,[46] എന്നാൽ അവന്നു പെട്ടെന്നു തിരിച്ചറിയാവുന്ന ആളായിരുന്നില്ല. ആരായിരുന്നു അത്, ഉപദ്രവിക്കുന്നു എന്നു അവൻ പറയാൻ കാരണം എന്തു? ഭയത്തോടെ, ശൗൽ ചോദിച്ചു, "നീ ആരാകുന്നു, കർത്താവേ?" മറുപടി വന്നു: "നീ ഉപദ്രവിക്കുന്ന യേശു [നസ്രായൻ[47]] ആകുന്നു ഞാൻ" (9:5)!

ബൈബിൾ അത്ഭുതങ്ങളെ നിരസിക്കുന്ന ചിലർ പറയുന്നതു ശൗൽ വാസ്തവത്തിൽ കർത്താവിനെ കണ്ടില്ല, അവൻ വൈദ്യുതാ ഘാതമേറ്റ സമയം അപസ്മാരമിളകിയതാണ്[48] എന്നത്രെ! (അതായി രുന്നതെങ്കിൽ, വൈദ്യുതാഘാതമേല്കുന്ന എല്ലാവർക്കും അപസ്മാരമുണ്ടാകണം – അതുമല്ല അതു കർത്താവിന്റെ വേലയിൽ എരിവുള്ളവനുമാകണം!) ഇതു ഒരു വിഢിത്തമെന്നു മനസ്സിലാക്കുക! പൗലൊസിന്റെ ലേഖനങ്ങൾ വായിക്കുന്നവർക്കെല്ലാം അവൻ ബുദ്ധിയുള്ള ഒരു മതഭ്രമം ഉള്ളവനായിരുന്നു എന്നു തിരിച്ചറിയും സ്വർഗ്ഗീയ സന്ദർശനവും ജഡിക ഉപദേവവും തമ്മിലുള്ള വ്യാത്യാസം അവൻ അറിയണം! കൂടാതെ, അവനോടു കൂടെ സഞ്ചരിച്ചിരുന്നവരും നിലത്തുവീണ അവർക്കും സംഭവിച്ചതു അപസ്മാരമായിരുന്നോ? അതിലും കൂടുതലായി, ഡോക്ടർ ലൂക്കൊസിനു, അപസ്മാരരോഗ ലക്ഷണം അറിയാവുന്ന ആളാണ്, സംഭവിച്ചതു വാസ്തവത്തിൽ വിവരിക്കുന്നതു: *ഉയിർത്തെഴുന്നേറ്റ കർത്താവു ശൗലിനു പ്രത്യക്ഷനായി* പറഞ്ഞു, "നീ ഉപദ്രവിക്കുന്ന ക്രിസ്തുവാകുന്നു ഞാൻ"![49]

ആ ഞെട്ടിക്കുന്ന പ്രഖ്യാപനം കേട്ട് ശൗലിന്റെ ഉള്ളിൽ ഇരച്ചു കയറിയ ചിന്തകളെ ഒന്നൂഹിക്കുക: യേശുവന്റെ ശിഷ്യന്മാർ പറഞ്ഞതു അവൻ മരണത്തിൽ നിന്നുയർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നാണ് – അതുശരിയായിരുന്നു! അവൻ ദൈവമായിരുന്നു എന്നവർ പറഞ്ഞു – അവന് ആയിരുന്നു! അവൻ ക്രിസ്തുവായിരുന്നു എന്നവർ തീർത്തുപറഞ്ഞു – അവൻ ആയിരിക്കണം! അവർ ശരിയായിരുന്നു, ശൗൽ തെറ്റിലായിരുന്നു – ദൈവത്തിനു *വേണ്ടി* പോരാടേണ്ടതിനു പകരം, തന്നെ സ്നേഹിച്ച ദൈവത്തി*നെതിരായി* അവൻ പോരാടുക യായിരുന്നു!

ശൗലിന്റെ ഉപദ്രവം യേശുവിന്റെ അനുയായികൾക്കെതിരായി

രുന്നെങ്കിലും, സ്വർഗ്ഗീയ സന്ദർശകൻ പറഞ്ഞതു ക്രിസ്തുവിന്റെ ശിഷ്യന്മാരെ അവൻ ഉപദ്രവിക്കുന്നതു, വാസ്തവത്തിൽ അവൻ യേശുവിനെയായിരുന്നു ഉപദ്രവിക്കുന്നതു എന്നാണ്.[50] അവൻ ക്രിസ്ത്യാനികളെ തടവിലാക്കുമ്പോൾ, അവൻ യേശുവിനെയാണ് തടവിലാക്കുന്നത്! അവൻ ക്രിസ്ത്യാനികളെ പീഡിപ്പിക്കുമ്പോൾ, യേശുവിനെയാണ് പീഡിപ്പിക്കുന്നത്! അവൻ ക്രിസ്ത്യാനികളെ കൊല്ലുമ്പോൾ, ദൈവപുത്രനെയാണ് അവൻ കൊല്ലുന്നത്![51]

"ന്യായപ്രമാണത്തിലെ നീതിസംബന്ധിച്ച അനിന്ദ്യൻ" എന്ന നിലയിൽ അവൻ "അഹങ്കാരിയായിരുന്നു" (ഫിലിപ്പിയൻ 3:6); ഇപ്പോൾ അവൻ തന്നെ കാണുന്നതു "പാപികൾ ഒന്നാമനായിട്ടാണ്" (1 തിമൊഥെയൊസ് 1:15; KJV)! വിറയലോടെ, അവൻ പറഞ്ഞു, "കർത്താവേ, ഞാൻ എന്തു ചെയ്യേണം?" എന്നു ചോദിച്ചു (22:10) എന്തെങ്കിലും പ്രത്യാശയുണ്ടായിരുന്നോ?

### അസാധാരണമായ ഒരു വെല്ലുവിളി
**(9:6-9; 22:9-11; 26:16-18)**

കർത്താവിന്റെ പ്രത്യക്ഷത പോലെ തന്നെ ഞെട്ടിക്കുന്ന തായിരുന്നു അവന്റെ മറുപടിയും. ഭയം കൊണ്ട് നിലത്തു ഒതുങ്ങി കിടക്കുന്നതു അവസാനിപ്പിക്കുവാൻ യേശു അവനോട് പറഞ്ഞു:

> എങ്കിലും എഴുന്നേറ്റു, നിവർന്നു നില്ക്ക; നീ എന്നെ കണ്ടതിന്നും,[52] ഇനി ഞാൻ നിനക്കു പ്രത്യക്ഷൻ ആവാനിരിക്കുന്നതിനും;[53] നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി[54] നിയമിപ്പാൻ ഞാൻ നിനക്കു പ്രത്യക്ഷനായി. ജനത്തിന്റേയും ജാതകളുടേയും,[55] കയ്യിൽ നിന്നു ഞാന് നിന്നെ രക്ഷിക്കും. അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിനു അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കു തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു എന്നു കല്പിച്ചു (26:16-18).[56]

ഇതിനു മുൻപു ഇത്ര വലിയ വെല്ലുവിളികൊടുത്തിട്ടില്ല! യേശു *എന്തിനാണ്* ശൗലിനു പ്രത്യക്ഷനായതെന്ന കാര്യത്തെ ചൊല്ലി പണ്ഡിതൻമാർക്കിടയിൽ തർക്കം ഉണ്ടായിട്ടുണ്ട്, എന്നാൽ കർത്താവു തന്നെ കാരണം വ്യക്തമാക്കുന്നുണ്ട്. "*ഈ* ഉദ്ധേശത്തിലാണ്," ശൗലിനോട് പറഞ്ഞു, "ഞാൻ നിനക്കു പ്രത്യക്ഷനായത്" എന്നു യേശു പറഞ്ഞു (വാക്യം 16; എംഫസിസ്മൈൻ). ആ ഉദ്ദേശത്തെ മൂന്നായി തരംതിരിക്കാം.[57]

ആദ്യമായി, യേശു ശൗലിനു പ്രത്യക്ഷനായതു *ഒരു സാക്ഷിയാകുവാനുള്ള* യോഗ്യത അവനിലുണ്ടാകേണ്ടതിനായിരുന്നു – "നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിക്കേണ്ടതിനു" (വാക്യം 16). ഒരു അപ്പൊസ്തലന്റെ യോഗ്യതകളിൽ ഒന്ന് അവന്റെ ഉയിർത്തെഴുന്നേല്പിന്നു സാക്ഷിയാവേണം (1:21, 22). പിന്നീട്,

പൗലൊസ്, യേശുവിന്റെ ഉയിർത്തെല്പും പ്രത്യക്ഷതയും എടുത്തു പറയുന്നുണ്ട്, അവൻ പറഞ്ഞു, "എല്ലാവർക്കും ഒടുവിൽ, അകാലപ്രജ പോലെയുള്ള, എനിക്കും പ്രത്യക്ഷനായി ഞാൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവനല്ലൊ" (1 കൊരിന്ത്യർ 15:8, 9). ഇതേ സഭയ്ക്കു എഴുതുമ്പോൾ പറഞ്ഞു, "ഞാൻ അപ്പൊസ്തലൻ അല്ലയോ?" "ഞാൻ നമ്മുടെ കർത്താവിനെ കണ്ടിട്ടില്ലയോ?" (1 കൊരിന്ത്യർ 9:1).

രണ്ടാമതായി, യേശു ശൗലിനു പ്രത്യക്ഷനായതു *ജാതികൾക്കു* അവൻ സാക്ഷിയാകേണ്ടതിനാണ് – "ഞാൻ നിന്നെ ജാതികളുടെ, അടുക്കലേക്കു അയക്കും" (26:17). പൗലൊസിനെ "ലോകത്തിന്റെ അപ്പൊസ്തലനാകുവാനാണ് വിളിച്ചത്," എന്നാൽ അവന്റെ *പ്രത്യേക* ശുശ്രൂഷ ജാതികൾക്കായിരുന്നു. കർത്താവിന്റെ ശ്രേഷ്ഠ പദ്ധതിയിൽ *ജാതികളും* ഉൾപ്പെടുന്നുണ്ട് എന്നു വ്യക്തമായി പറയുന്നതു ഇതാദ്യമായാണ്. "ഭൂമിയുടെ അറ്റത്തോളവും ... എന്റെ സാക്ഷികൾ ആകുവിൻ" എന്നു പറഞ്ഞതിൽ നിന്നു ജാതികളും ഉൾപ്പെടുന്നുവെന്നു നമുക്കറിയാം (1:8). "വാഗ്ദാനം ... ദൂരസ്ഥന്മാരായ ഏവർക്കുമുള്ളതല്ലൊ" എന്ന പത്രൊസിന്റെ പ്രസ്താവനയിൽ ജാതികളും ഉൾപ്പെടുന്നു എന്നു നമുക്കറിയാം (2:39). അബ്രഹാമിന്നു കൊടുത്ത വാഗ്ദാനത്തിലും ജാതികളെ ഉൾപ്പെടുത്തിയിരുന്നതായി, 3:25–ൽ ഉദ്ധരിച്ചിട്ടുണ്ട്: "ഭൂമിയിലെ സകല വംശങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടും." എങ്ങനെയായാലും, കർത്താവു ശൗലിന്നു പ്രത്യക്ഷനാകുന്നതുവരെ ജാതികൾ എന്നു പ്രത്യേകം പറഞ്ഞിരുന്നില്ല. നാം ആരും യെഹൂദന്മാരല്ല, എന്നതു ആഘോഷിക്കത്തക്കതാണ്!

മൂന്നാമതായി, യേശു ശൗലിന്നു പ്രത്യക്ഷനായതു "*ജാതികളുടെ കണ്ണുതുറക്കേണ്ടതിനു*" സാക്ഷിയാവാനാണ് (26:18). ആത്മാക്കളെ നേടുന്ന വലിയ പ്രവൃത്തിയെ സംബന്ധിച്ച് തിരുവെഴുത്തിലെ ഏറ്റവും ശ്രേഷ്ഠമായ പ്രസ്താവനയാണ് 18–ാം വാക്യത്തിലേത്. നമ്മുടെ പ്രവൃത്തി അഞ്ചെണ്ണമാണ്: "[1] 'പാപികളുടെ' കണ്ണു തുറക്കുക [2] അവർ അങ്ങനെ ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്കു തിരിയുന്നു [3] സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിലേക്കു തിരിയുന്നു, [4] അവർക്കു പാപമോചനം പ്രാപിക്കേണ്ടതിന് [5] [യേശുവിലുള്ള] വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരോടുകൂടെ അവകാശം ലഭിക്കേണ്ടതിനും" (26:18).

ജാതികളുടെ അപ്പൊസ്തലന്മാർ യോഗ്യത നേടേണ്ടതിനാണ് യേശു ശൗലിന്നു പ്രത്യക്ഷനായത്! അതേ, യേശുവിന്റെ പ്രത്യക്ഷത ശൗലിന്റെ ഉള്ളിൽ വിശ്വാസം ജനിപ്പിച്ചു പരിവർത്തന നടപടി ആരംഭിച്ചു,[58] എന്നാൽ യേശു അവന്നു പ്രത്യക്ഷനായതിന്റെ പ്രത്യേകത അവനെ രക്ഷിക്കുന്നതിനായിരുന്നില്ല, മറിച്ചു ജാതികൾക്കു സാക്ഷിയായി അവനെ അയക്കേണ്ടതിനായിരുന്നു. റോമർ 11:13–ൽ ശൗൽ (പൗലൊസ്) പിന്നീട് എഴുതി, "ഞാൻ *ജാതികളുടെ* അപ്പൊസ്തലനായിരിക്കയാൽ എന്ന്" (KJV; എംഫസിസ് മൈൻ; ഗലാത്യർ 2:6–9).

യേശു പ്രത്യക്ഷനായപ്പോൾ ശൗലിനു ഇതെല്ലാം മനസ്സിലായോ? എനിക്കു സംശയമാണ്. അവന്റെ മനസ്സിൽ ഏറ്റവും ഉയർന്നു വന്നതു

യേശുതന്നെ മശിഹ എന്നതായിരുന്നു – അതു അവൻ എതിർത്ത ദൈവപുത്രനായിരുന്നു! അവനെ അലട്ടിയിരുന്ന ചോദ്യം "ഞാൻ എന്തു ചെയ്യേണം?" എന്നതായിരുന്നു. യേശു പറഞ്ഞവസാനിപ്പിച്ചു, "നീ എഴുന്നേറ്റു, പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടുന്നതു അവിടെവച്ചു നിന്നോടു പറയും[59] എന്നു അവൻ പറഞ്ഞു" (9:6).

ഇതെല്ലാം സംഭവിച്ചപ്പോൾ, "അവനോടുകൂടെ [ശൗൽ] പ്രയാണം ചെയ്ത പുരുഷന്മാർ ശബ്ദം കേട്ടു, എങ്കിലും ആരെയും കാണാതെ മരവിച്ചു നിന്നു"[60] (9:7). "അവനോടു കൂടെയുള്ളവർ വെളിച്ചം കണ്ടു, തീർച്ചയാക്കി, എങ്കിലും എന്നോടു സംസാരിക്കുന്നവന്റെ ശബ്ദം കേട്ടില്ല" (22:9).[61] വഴിയിൽ വെച്ചു അസാധാരണമായതു ചിലതു സംഭവിച്ചതിനു സാക്ഷികളായിരുന്നു ഇവർ.

പിന്നെ "ശൗൽ നിലത്തു നിന്നു, കണ്ണു തുറന്നാറെ, ഒന്നും കണ്ടില്ല [വെളിച്ചത്തിന്റെ പ്രകാശം കാരണം[62]]; അവർ അവനെ കൈക്കു പിടിച്ചു നടത്തി, [അവന്റെ കൂട്ട് യാത്രക്കാർ] ദമസ്ക്കൊസിൽ കൂട്ടിക്കൊണ്ടുപോയി" (9:8). ദമസ്ക്കൊസിൽ പോയി ക്രിസ്ത്യാനികളെ തൂത്തുവാരാമെന്ന ഊറ്റത്തിൽ ദൈവത്തിന്റെ പ്രതികാര പ്രതിനിധിയായിട്ടായിരുന്നു പൊയ്ക്കൊണ്ടിരുന്നതു; ഇപ്പോൾ അതിനു പകരം ദു:ഖിക്കുന്ന ഒരു പാപിയായിട്ടാണ്, നിസ്സഹായനും, അന്ധനായ ഒരു യാചകനുമായിട്ടാണ് പട്ടണത്തിലേക്ക് കൊണ്ടു പോകുന്നത്.

ദമസ്ക്കൊസിലെ ഒരു മുഖ്യവീഥിയിലേക്കു ഇടറിക്കൊണ്ടാ യിരുന്നു ശൗൽ ഇറങ്ങിയതു, അതിന്റെ പേർ നേർവീഥി എന്നായിരു ന്നു,[63] യൂദ എന്നൊരാളുടെ വീട്ടിലേക്കു ആ സംഘം എത്തി[64]ശൗലിനെ ഒരു അതിഥി മുറിയിലേക്കു കൂട്ടിക്കൊണ്ടു പോയി അവിടെ തനിച്ചാക്കി. അവന്റെ കവിളിൽ കൂടെ കണ്ണുനീർ ഒഴുകാൻതുടങ്ങി,[65] അവൻ മുട്ടുകുത്തി പ്രാർത്ഥിക്കാൻ തുടങ്ങി[66] "അവൻ കണ്ണുകാണാതെയും, ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ മൂന്നു നാൾ[67] കഴിച്ചുകൂട്ടി"[68] (9:9).

പശ്ചാത്താപത്താൽ അതിജീവിക്കപ്പെട്ട മനുഷ്യന്റെ രംഗമാണ് നാം കാണുന്നത് ശൗൽ ഇപ്പോൾ യേശുക്രിസ്തുവിനെ വിശ്വസിച്ചു, അതുതാപമുണ്ടാക്കയും, യേശുവിനെ "കർത്താവ്" എന്നു ഏറ്റു പറയുകയും ചെയ്തു,[69] എങ്കിലും അവന്റെ പാപത്തെക്കുറിച്ചുള്ള കുറ്റം അവന്റെ ആത്മാവിനെ നിന്നുകൊണ്ടിരുന്നു. അവന്നു ഒരു *ദർശനം* ലഭിച്ചു, എങ്കിലും ഒരാൾ അവനെ *സന്ദർശിച്ചു* അവൻ "*എന്തു ചെയ്യേണം*" എന്നു പറയണമായിരുന്നു[70] (9:6; എംഫസിസ്മൈൻ).

**ഉപസംഹാരം**

ആ സന്ദർശനവും തൽഫലമായി നല്കുന്ന നിർദ്ദേശങ്ങളും അറിയുവാൻ നാം അടുത്ത പാഠം വരെ കാത്തിരിക്കണം. ഈ പാഠത്തിൽ, നാം കണ്ടു കഴിഞ്ഞതു (1) ഇളകാത്ത ഒരു കുറ്റം (താൻ ക്രിസ്ത്യാനിത്വത്തെ നശിപ്പിക്കും എന്നതായിരുന്നു ശൗലിന്റെ കുറ്റം), (2) അപ്രതീക്ഷിതമായ ഒരു ഏറ്റു മുട്ടൽ (വഴിയിൽ വെച്ചു യേശു പ്രത്യക്ഷനായപ്പോൾ), (3) അസാധാരണമായ ഒരു വെല്ലുവിളി (യേശു അവനോട് സുവിശേഷം ജാതികളിൽ എത്തിക്കാൻ ആവശ്യപ്പെട്ടു)

അടത്തതായി, നാം കാണുന്നത്. (4) താല്പര്യമില്ലാത്ത ഒരു ക്രിസ്ത്യാനി (ശൗലിന്റെ അടുക്കലേക്കു പോകുവാൻ, അനന്യാസ് മടിക്കുന്നു) (5) മടിക്കാത്ത ഒരു പരിവർത്തനം (എന്തുചെയ്യണം എന്നു അവനോട് പറഞ്ഞപ്പോൾ, ശൗൽ ഉടനെ അനുസരിച്ചു). (6) അവന്റെ പരിവർത്തനത്തിന്റെ അന്തമില്ലാത്ത സമർപ്പണത്തെ കുറിച്ചു നാം പറയണം (ക്രിസ്തുവിന്റെ നാമം നിമിത്തം)


നാം അവസാനിപ്പിക്കുമ്പോൾ, നിങ്ങൾ നിങ്ങളുടെ "ദമസ്ക്കൊസിലേക്കുള്ള ആത്മിയ വഴിയിൽ" ആയിരിക്കാം നിങ്ങളെ അന്ധനാക്കുന്ന പ്രകാശത്തിൽ കർത്താവു നിങ്ങൾക്കു പ്രത്യക്ഷമാകയില്ല, ഏതു സത്യസന്ധ ഹൃദയത്തിലും വിശ്വാസം ജനിപ്പിക്കത്തക്ക ശക്തി വചനത്തിനുണ്ട് (യോഹന്നാൻ 20:30, 31). നിങ്ങൾ ദൈവത്തിന്റെ സുവിശേഷവിളി തിരസ്കരിക്കയാണ് നിങ്ങൾ ചെയ്തിരുന്നതെങ്കിൽ "മുള്ളുകൾക്കു മീതെ ഉതക്കുന്നതു" നിങ്ങൾക്കു പ്രയാസമാകും. നിങ്ങൾ തെറ്റിലായിരുന്നു എന്നു സമ്മതിക്കുവാൻ നിങ്ങൾക്കു വിഷമം കാണും; ശൗലിനെപ്പോലെ നിങ്ങൾക്കു അധികം വിട്ടുകളയേണ്ടതായിട്ടുണ്ടാകാം, ഇനി ഒട്ടും നിഷേധിക്കരുത്, ശൗലിനെപ്പോലെ സമർപ്പിക്കുക! *നിങ്ങളുടെ* "ദമസ്ക്കൊസിലേക്കുള്ള വഴി" "ശിഷ്യത്വത്തിലേക്കുള്ള വഴിയായി തീരും"!

---

### ദൃശ്യ - സഹായക്കുറിപ്പുകൾ

---

ഞാൻ ഒരു യുവ ഉപദേഷ്ടാവായിരുന്നപ്പോൾ, "പാപിയായിരുന്ന, ശൗൽ, ഉപദേഷ്ടാവായ, പൗലോസായി മാറി" എന്ന രീതിയിൽ പ്രസംഗം തയ്യാറാക്കിയിരുന്നു. പ്രസംഗത്തിനു മുൻപു, താഴെ കൊടുത്തിരിക്കുന്നു ബോർഡിൽ പടം വരക്കുമായിരുന്നു. അവതരണത്തിനിടയിൽ, ഞാൻ ഇടത്തെ മൂലയിൽ നിന്നു വലത്തെ അറ്റത്തെ മൂലയിലേക്കു മാറും അതു നിസാരമാണെങ്കിലും, ഫലപ്രദമാണ്.



റിക് ആച്ച്‌ലെ "ദി ചാൻസ് ഓഫ് എ ലൈഫ് ടൈം" എന്ന വിഷയത്തിൽ, ശൗലിന്റെ പരിവർത്തനത്തെക്കുറിച്ചു, പ്രസംഗം തയ്യാറാക്കി പ്രസംഗിച്ചിട്ടുണ്ട്. പൗലൊസിന്റെ പരിവർത്തനത്തിൽ മൂന്നു ഭാഗങ്ങളാണ് അദ്ദേഹം നിരീക്ഷിച്ചത്: (1) പാപത്തെ തിരിച്ചറിയൽ, (2) യേശുവിനെ തിരിച്ചറിയൽ, (3) അനുസരണത്തിന്റെ നിശ്ചയദാർഢ്യം. വേറൊരു "പേർ ശിഷ്യത്വത്തിലേക്കുള്ള വഴി" എന്നും കൊടുക്കാം.

"കണ്ണുകാണാതിരുന്നപ്പോൾ പൗലൊസ് കണ്ട പ്രസംഗം" ശൗലിന്റെ പരിവർത്തനത്തിലേക്കു വ്യത്യസ്തവഴി ഒരുക്കി.

ശൗലിന്റെ പരിവർത്തന സംഭവത്തിൽ കാണുന്ന നാലു ചോദ്യങ്ങളെക്കുറിച്ചു അനേക ഉപദേഷ്ടാക്കന്മാർ പ്രസംഗിച്ചിട്ടുണ്ട് (9:4, 5; 22:10, 16).

പൗലൊസിന്റെ ജീവിതത്തെക്കുറിച്ചു ഒരു അനുബന്ധ പ്രസംഗവും രൂപപ്പെടുത്താം, ഈ പാഠത്തിലെ ആരംഭത്തിലെ അപ്പൊസ്തലന്റെ ജീവചരിത്രവും ശുശ്രൂഷയുടെ ചുരുക്കവും എടുത്തു അതു തയ്യാറാക്കാം. ഞാൻ അത്തരത്തിൽ പ്രസംഗിച്ചിട്ടുണ്ട്, "പൂർണ്ണ ജയം പ്രാപിക്കുന്നു" എന്ന തലക്കെട്ടിൽ (റോമർ 8:37), നാലു മുഖ്യ പോയിന്റുകളും ഉൾപ്പെടുത്തി: (1) അവന്റെ പരിവർത്തനത്തിൽ പൂർണ്ണ വിജയം നേടി, (2) ഒരു ക്രിസ്ത്യാനിയായി അവൻ പൂർണ്ണവിജയമായിരുന്നു, (3) ഒരു ഉപദേഷ്ടാവായി പൂർണ്ണ വിജയം, (4) തടവുകാരനായി പൂർണ്ണവിജയം. ഓരോന്നിലും, നേരിട്ട - തടസ്സങ്ങളെ പൗലൊസ് തന്റെ ജീവിതത്തിൽ *ക്രിസ്തുമുഖാന്തരം* പൂർണ്ണവിജയത്തോടെ "തരണം ചെയ്തതായി" ഞാൻ കണ്ടു - നാം ജീവിതത്തിൽ ഇതുപോലെയുള്ള തടസ്സങ്ങളെ തരണം ചെയ്യേണ്ടതാണ്.

ആത്മാക്കളെ-നാം നേടുന്നതി*നും* ഒരാൾ ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യുമ്പോൾ സംഭവിക്കുന്നതു സംബന്ധിച്ചും അഞ്ചു പോയിന്റുകൾ അടങ്ങുന്ന പ്രസംഗം പ്രവൃത്തികൾ 26:18 വേദഭാഗത്തിൽ നിന്നു തയ്യാറാക്കാവുന്നതാണ്.

---

കുറിപ്പുകൾ

[1]വില്യം ബാർക്ലേ, *ദി ആക്ട്സ് ഓഫ് ദി അപ്പൊസ്തൽസ്*, ദി ഡെയിലി ബൈബിൾ സീരീസ്, റെവ. ed. (ഫിലഡെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 70. [2]ജെ.ഡബ്ല്യു. റോബെർട്ട്സ്, *ആക്ട്സ് ഓഫ് അപ്പൊസ്തൽസ്*, പാർട്ട് 1 (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി, 1967), 66. [3]പിന്നീട് ശൗൽ പൗലൊസ് എന്നറിയപ്പെട്ടു (പ്രവൃത്തി 13:9 അതിനുശേഷവും). ഈ പാഠത്തിലും അടുത്ത മൂന്നു പാഠത്തിലും "ശൗൽ" എന്നും "പൗലൊസും" എന്നും അപ്പൊസ്തലനെ വിളിക്കുന്നതാണ്. [4]മൂന്നിരട്ടി എന്നതു

സംഭവത്തിന്റെ പ്രാധാന്യത്തെ എടുത്തു കാണിക്കുന്നു. [5]തന്നെ പകർത്താതിരിക്കുക എന്നതു ലൂക്കൊസിന്റെ പരിശീലനമായിരുന്നു, പിന്നീട് പൗലൊസിന്റെ കാര്യം 9-൨൦ അദ്ധ്യായത്തിലേതു രേഖപ്പെടുത്തേണ്ടിയിരുന്നതുകൊണ്ട് ആദ്യം വിശദാംശങ്ങൾ വിട്ടിരുന്നു: വ്യത്യസ്ത സദസ്യർക്കു പ്രയോജനപ്പെടേണ്ടതിന്നു സംഭവങ്ങളിൽ ചില വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട് മൂന്നു വിവരണങ്ങളും പരസ്പര വരുദ്ധമല്ല, എന്നാൽ ആശംസാവഹകമാണ്. [6]അടിസ്ഥാനപരമായി ഞാൻ 9-൨൦ അദ്ധ്യായത്തിലെ വിവരണങ്ങൾ ആണ് നല്കുന്നത്. അതിനോട് അനുബന്ധമായി 22 ഉം 26 ഉം അദ്ധ്യായങ്ങളിലെ വിവരങ്ങളും ബ്രാക്കറ്റുകളും സൂചനക്കുറിപ്പുകളും ഞാൻ ഉറവിടങ്ങളെ സൂചിപ്പിക്കുന്നതിനു ചേർത്തതാണ്. തിരുവെഴുത്തു ഭാഗങ്ങൾ ഉദ്ധരിക്കുമ്പോൾ, ഇടക്കു ചേർക്കുന്ന പദങ്ങൾ ബ്രാക്കറ്റിലും അല്ലാതെയും ഉള്ള കുറിപ്പുകൾ *കൂടാതെ*യുമുള്ളവ, എന്റെ വാക്കുകൾ ആണ്. മിക്കവാറും 22 ഉം 26 ഉം അദ്ധ്യായങ്ങളിലെ ഒന്നാം വ്യക്തികളിൽ നിന്നു 9-൨൦ അദ്ധ്യായത്തിലെ മൂന്നാം വ്യക്തിയിലേക്കു മാറുന്ന ഒരു സമീപനം എടുത്തിട്ടുണ്ട്. [7]പ്രവൃത്തികൾ 11:26 വരെ യേശുവിന്റെ അനുയായികളെ "ക്രിസ്ത്യാനികൾ" എന്നു വിളിച്ചിരുന്നില്ല, പക്ഷെ ഞാൻ ചിലപ്പോഴെല്ലാം, ആ വാക്ക് ഈ പാഠത്തിൽ കാർത്താവിന്റെ ശിഷ്യന്മാരെ സൂചിപ്പിച്ച് ഉപയോഗിച്ചിട്ടുണ്ട്. [8]പ്രവൃത്തികൾ 21:39; 22:3. തർസൊസ് ഒരു വ്യാപാരകേന്ദ്രവും വിദ്യാഭ്യാസ കേന്ദ്രവുമായിരുന്നു. [9]ശൗൽ എന്നതിന്റെ അർത്ഥം "ദൈവത്താൽ വിളിച്ചു" എന്നാണ്. [10]സമ്പത്തിൽ ധാരാളം കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. അവരിൽ ഇതും ഉൾപ്പെടും: (1) "സമൃദ്ധിയിൽ ഇരിപ്പാൻ" പൗലൊസിന് അറിയാമായിരുന്നു (ഫിലിപ്പിയർ 4:12). അവൻ ക്രിസ്ത്യാനിയായി തീർന്ന ശേഷം, സമൃദ്ധിയിലാകാതിരുന്നതുകൊണ്ട് ഇതു അവന്റെ മുൻപിലത്തെ ജീവിതമായിരുന്നേക്കാം. (2) ഒരു വിദ്യാർത്ഥിയായി അവനെ യെരുശലേമിലേക്കു അയച്ചു പഠിപ്പിക്കുവാൻ അവന്റെ മാതാപിതാക്കൾക്കു കഴിവുണ്ടായിരുന്നു (16:37; 22:25-29) പൗലൊസിന്റെ മാതാപിതാക്കൾ റോമാ പൗരത്വം നേടിയതെങ്ങനെ എന്നു നമുക്ക് അറിഞ്ഞുകൂടാ. ഒരു പക്ഷേ അവരുടെ അവരുടെ ഒരു മുൻഗാമി റോമാ ഗവൺമെന്റിൽ പ്രത്യേക സേവനം നടത്തിയിരുന്നേക്കാം.

[11]പ്രവൃത്തികൾ 26:5. "പ്രവൃത്തികൾ, 1" ലെ നിഘണ്ടുവിൽ "പരീശന്മാർ" എന്ന വാക്കു നോക്കുക. [12]പഴയ നിയമത്തിലെ ഓരോ പുസ്തകത്തിലേയും ഏതാണ്ട് ഇരുന്നൂറു വാക്യങ്ങൾ ഉൾകൊള്ളുന്നതാണ് പൗലൊസിന്റെ ലേഖനങ്ങളും പ്രസംഗങ്ങളും. [13]സാമ്പത്തിക നിലവാരം കണക്കാക്കാതെ, ഓരോ യെഹൂദനായ ആൺകുട്ടി യെയും ഓരോ വ്യാപാരം പഠിപ്പിച്ചിരുന്നു. തങ്ങളുടെ ആൺകുട്ടിയെ ജോലി ചെയ്യാൻ പഠിപ്പിച്ചില്ലെങ്കിൽ അവനെ മോഷ്ടിക്കുവാൻ പഠിപ്പിക്കുകയാണെന്ന വിശ്വാസമായിരുന്നു യെഹൂദന്മാർക്കുണ്ടായിരുന്നത് ശൗലിനെ പരിശീലിപ്പിച്ചതു കൂടാരപ്പണി യായിരുന്നു (18:3). [14]അവൻ പറഞ്ഞു "[അവന്റെ] യൗവനം മുതൽ," അവൻ യെരുശലേമിൽ പാർത്തിരുന്നു (26:4), അവൻ അവിടെയാണ് "വളർന്നത്" (22:3). ഒരു പക്ഷെ പതിമൂന്നാം വയസ്സിൽ, "കല്പനാസന്തതി" എന്നറിയപ്പെട്ടപ്പോൾ യെരുശലേമിൽ അയച്ചിരിക്കാം (ബാർമിറ്റ്സ്വാ). ചിലർ 23:16 എടുത്തു പൗലൊസിന്റെ സഹോദരി യെരുശലേമിലുണ്ടായിരുന്നുവെന്നും, അവൻ അവിടെയായിരുന്നപ്പോൾ തന്റെ സഹോദരിയോടൊപ്പം താമസിച്ചു എന്നു കരുതുന്നു, പക്ഷെ 21:15, 16 നോക്കിയാൽ അവന്റെ സഹോദരി യെരുശലേമിൽ താമസിച്ചിരുന്നില്ല എന്നു സൂചിപ്പിക്കുന്നു. [15]പ്രവൃത്തികൾ 22:3. പ്രവൃത്തികൾ 2 ലെ 5:34 കുറിപ്പുകൾ നോക്കുക. [16]പ്രവൃത്തികൾ 22:3 രണ്ടാമത്തെ ഗുണത്തെപ്പറ്റി പറയുന്നു (ഫിലിപ്പിയർ 3:6). അവന്റെ ലേഖനങ്ങൾ നിന്നും ജീവിതത്തിൽ നിന്നും ഒന്നാമത്തേയും മൂന്നാമത്തെയും ഊഹിച്ചെടുത്തിരിക്കുന്നു. [17]അവൻ ന്യായാധിപസംഘത്തിൽ അംഗമായിരുന്നോ എന്നു നമുക്കറിഞ്ഞു കൂടാ, എന്നാൽ ഇതായിരിക്കും ഏറ്റവും സാധാരണ വിവരിക്കാവുന്ന വാക്കുകൾ. "അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു" (പ്രവൃത്തികൾ 26:10). ചില എതിർവാദം, പറയുന്നതു ന്യായാധിപസംഘത്തിൽ ആവാൻ

വിവാഹം കഴിക്കണം, പൗലൊസ് വിവാഹം കഴിച്ചിട്ടില്ലല്ലോ എന്നാണ് (1 കൊരിന്ത്യർ 7:8). എങ്കിലും, അവന്റെ ഭാര്യ മരിച്ചതാകാം (1 കൊരിന്ത്യർ 7:8), അല്ലെങ്കിൽ അവൻ ക്രിസ്ത്യാനിയായപ്പോൾ അവനെ വിട്ടു പോകയാകാം (ഫിലിപ്പിയർ 3:8; 1 കൊരിന്ത്യർ 7:10, 11). ശൗലിന്റെ പ്രായച്ചെറുപ്പം, തുടങ്ങി മറ്റു തടസങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഒരിക്കലും പരിഹസിച്ചിട്ടില്ലാത്ത ചോദ്യമായിരിക്കാം ഇത്. [18]വാരെൻ ഡബ്ലിയു വിയേഴ്സ്ബേ, *ദി ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 439. [19] "ഈ പുസ്തകത്തിലെ," 7:58 ലെ കുറിപ്പുകൾ നോക്കുക. [20]യേശു ഭൂമിയിലായിരുന്നപ്പോൾ പൗലൊസ് യേശുവിനെ കണ്ടു മുട്ടിയിരുന്നില്ല. യേശുവിന്റെ ഭൂമിയിലെ ശുശ്രൂഷാ വേളയായ മൂന്നു മൂന്നര വർഷം ഒരു പക്ഷേ പൗലൊസ് രാജ്യത്തിനു പുറത്തായിരുന്നേക്കാം (ഒരു പക്ഷേ തർസൊസിൻ).

[21]പ്രവൃത്തികൾ 1 ലെ 5:34-40 കുറിപ്പുകൾ നോക്കുക. [22]8:1-4 ലെ നോട്ടുകൾ ഇതിന്റെ ചുരുക്കമൊയി ഈ പുസ്തകത്തിൽ കാണുന്നത് നോക്കുക. [23]ന്യായാധിപസഭയുടെ മരണ ശിക്ഷ നടപ്പാക്കൽ റോമാ നിയമം അടിസ്ഥാന പരമായി വിലക്കിയിരുന്നതിനാൽ (സ്തെഫാനൊസിന്റെ മരണത്തെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക), ചിലർ വിചാരിക്കുന്നതു പൗലൊസ് അതിശയോക്തിപരമായി ഉപയോഗിച്ചതാണ് വാസ്തവത്തിൽ സ്തെഫാനൊസിനെ കൊന്നതു യെഹൂദ അധികാരികളായിരുന്നു എന്നാണ്. എന്നിരുന്നാലും, ന്യായാധിപസഭയ്ക്കു റോമാനിയമത്തിനെതിരെ ഒരു ക്രിസ്ത്യാനിയെ കൊല്ലാമെങ്കിൽ നൂറുകണക്കിന് ആളുകളെ കൊല്ലാം. പൗലൊസിന്റെ വാക്കുകൾ സാധാരണ രീതിയിൽ എടുത്താൽ, അവൻ വാസ്തവത്തിൽ ഒരു ''കൂട്ടക്കൊലയാളിയായിരുന്നു'' എന്നർത്ഥം. [24]മറ്റു നിയമസിദ്ധാന്തങ്ങളും ഉൾപ്പെട്ടിരിക്കാം. ഉദാഹരണത്തിന്നു, അഭയാർത്ഥികളെ നീതിക്കായി യെരുശലേമിൽ കൊണ്ടുവരാൻ ന്യായാധിപസഭയെ റോമാ നിയമം അനുവദിച്ചിരുന്നു. [25]പ്രവൃത്തി 26:11. ദമസ്ക്കൊസിലേക്കു പോകുന്നതിനുമുൻപ് ശൗൽ സഞ്ചരിച്ച പട്ടണങ്ങളെ ലൂക്കൊസ് രേഖപ്പെടുത്തിയിട്ടില്ല, എന്നാൽ യെഹൂദ്യക്കു വടക്കും, കിഴക്കും, തെക്കുമായി ധാരാളം "വിദേശ പട്ടണങ്ങൾ" ഉണ്ടായിരുന്നു. [26]"കുല" എന്നവാക്ക് ശൗൽ സ്തെഫാനൊസിന്റെ മരണശേഷം നിർത്തുന്നില്ല എന്നതു വീണ്ടും പ്രബലമാക്കുന്നു. "മരണത്തെ നിശ്വസിക്കുന്ന" ഒരു മനുഷ്യൻ "കയ്യിൽ അടിക്കുന്നതു" 140 മൈൽ സഞ്ചരിച്ചെത്തുകയില്ല. [27]കയ്യഫാവ്. [28]പ്രവൃത്തികൾ 22:5. [29]പ്രവൃത്തികൾ 22:5. [30]ജോസെഫസ് പറയുന്നതനുസരിച്ച്, ദമസ്ക്കൊസിൽ വലിയ യെഹൂദജന സംഖ്യയും അനേകം പള്ളികളും ഉണ്ടായിരുന്നു.

[31]യെരുശലേമിൽ നിന്നു ഓടിപ്പോയ ക്രിസ്ത്യാനികളെ തിരിച്ചു കൊണ്ടു വരുവാൻ റോമാ നിയമത്തിൻ കീഴിൽ, ശൗലിനു മാത്രമെ അധികാരമുണ്ടായിരുന്നുള്ളു എന്നാണ് ചിലർ കരുതുന്നത്, പക്ഷെ അവിടെ ഉപയോഗിച്ച വാക്കുകൾ സൂചിപ്പിക്കുന്നതു അവൻ പദ്ധതിയിട്ടത് ക്രിസ്ത്യാനികളായി കണ്ട "ആരെങ്കിലും" അല്ലെങ്കിൽ "എല്ലാവരേയും" കൊണ്ടു വരാനായിരുന്നു (വാക്യം 14) യെരുശലേമിൽ നിന്നു ഓടിപ്പോ*കാത്ത,* അനന്യാസിനു പോലും, ശൗലിന്റെ അടുക്കൽ പോകാൻ ഭയമായിരുന്നു. [32]ക്രിസ്ത്യാനിത്വത്തെ സൂചിപ്പിച്ച് ഇതാദ്യമാണ് ലൂക്കൊസ് ഈ പദം ഉപയോഗിച്ചത്. അതവനു ഇഷ്ടപ്പെട്ടതായിരുന്നു (19:9, 23; 22:4; 24:22). ക്രിസ്ത്യാനിത്വത്തെ "രക്ഷാമാർഗ്ഗം" എന്നു സൂചിപ്പിച്ചിരുന്നു (16:17) "കർത്താവിന്റെ/ദൈവത്തിന്റെ മാർഗ്ഗം" എന്നും പറഞ്ഞിരുന്നു (18:25, 26), അതു യേശുക്രിസ്തുവിന്റെ വാക്കുകളെ ഓർമിപ്പിക്കുന്നു. യോഹന്നാൻ 14:6. [33]പ്രവൃത്തി 22:5. [34]ശൗൽ യാത്ര ചെയ്ത ഭൂപടം നോക്കുക. [35]വേദഭാഗം പിന്നെ പറയുന്നതു പൗലൊസിനെ *അവന്റെ കൂട്ടാളികൾ കൈപിടിച്ച്* മേസ്ക്കൊസിലേക്കു കൊണ്ടുപോയി എന്നാണ് (9:8). തേരിലോ കുതിരപ്പുറത്തോ സഞ്ചരിക്കുന്നവരേക്കാൾ കാൽ നടക്കാർക്ക് ഈ ഭാഷ കൂടുതൽ സമ്മതമായിരിക്കും. [36]ശൗൽ പരീശനായതുകൊണ്ട്, മറ്റുകൂട്ടാളികളിൽ നിന്നു വേറിട്ടു നടന്നുകാണും, ഇതു അവന്നു കൂടുതൽ ആത്മപരിശോധനക്കു അവസരം ഒരുക്കി.

പ്രവൃത്തി 1 ലെ നിഘണ്ടുവിലെ "പരീശന്മാർ" എന്ന വാക്ക് നോക്കുക. [37]യെരുശലേമിൽ നിന്നു ദമസ്ക്കൊസിലേക്കുള്ള ഒരു വഴി ഗലീല വഴിയാണ് ശൗൽ ഈ വഴിയിൽ കൂടെ പോയിരുന്നെങ്കിൽ, യേശു ചെയ്ത പ്രവൃത്തികളുടെ തെളിവുകൾ കാണുകയും (കേൾക്കുകയും) ചെയ്തിരിക്കാം. [38]ശൗലിന്റെ ഉള്ളിൽ തിളച്ചുകൊണ്ടിരുന്ന ഉപദ്രവവക്താക്കൾ അവന്റെ പരിവർത്തനത്തിനു സ്വാഭാവിക വിവരണങ്ങൾ നല്കുന്നു. കുറ്റം ബോധം നിറഞ്ഞ ശൗൽ *എന്തു* ദൈവികഅടയാളവും സ്വീകരിക്കാവുന്ന അവസ്ഥയിലായിരുന്നു എന്നാണ് അവർ വിവരിക്കുന്നത് (വൈദ്യുതാഘാതം പോലും)! [39]പ്രവൃത്തികൾ 22:6. [40]പ്രവൃത്തി 22:6.

[41]പ്രവൃത്തികൾ 26:13. [42]പ്രവൃത്തികൾ 26:13. [43]പ്രവൃത്തികൾ 26:14. "എബ്രായ ദേശ്യ ഭാഷ" സുചിപ്പിക്കുന്നത് അരാമ്യഭാഷയാണ്. ഗ്രീക്കുവേദ പുസ്തകത്തിൽ "ശൗൽ" എന്നതിന്റെ അരാമ്യ ഉച്ചാരണം ഗ്രീക്കിനു പകരം യേശുവിന്റെ വാക്കുകളാണ് ഉപയോഗിച്ചത്. ശൗലിന്റെ പരിവർത്തനത്തെകുറിച്ച് മറ്റു ഭാഗങ്ങളിൽ, "ശൗൽ" എന്നതിന്റെ ഗ്രീക്ക് ഉച്ചാരണമാണ് ഉപയോഗിച്ചിരിക്കുന്നത്. [44]ലൂക്കൊസിന്റെ എഴുത്തുകളിൽ, യേശു ആരുടെയെങ്കിലും പേർ രണ്ടു പ്രാവിശ്യം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ, അയാൾ കുഴപ്പത്തിലാണ്! ലൂക്കൊസ് 10:41; 13:34; 22:31. [45]പ്രവൃത്തി 26:14. ചമ്മട്ടി, നീണ്ടമുനയുള്ള വടിയാണ് (ചിലപ്പോൾ അഗ്രത്തിൽ ഇരുമ്പ് കെട്ടിയിരിക്കും) അതു മൃഗങ്ങളെ മെരുക്കുവാൻ ഉപയോഗിച്ചിരുന്നു. വഴങ്ങാത്ത മൃഗങ്ങൾ ചമ്മട്ടി കൊണ്ടടിക്കുമ്പോൾ സഹിക്കാൻ പറ്റാത്തതുകൊണ്ട്, തൊഴിക്കും. ശൗലിന്റെ ജീവിതത്തിൽ സംഭവിച്ചത് അവൻ ക്രിസ്ത്യാനിയായി തീരേണ്ടതിനു "കർത്താവിന്റെ ചമ്മട്ടിയടിയായിരുന്നു അത്," പക്ഷെ ആ സമയം വരെ, അവൻ പ്രതിരോധിച്ചു നിന്നു. അത് അവന്റെ തന്നെ പ്രതികൂല്യത്തിനായിരുന്നു. അങ്ങനെ തുടർന്നാൽ - *നിത്യവേദനക്കു* കാരണമായേനെ. [46]തൊട്ടുതാഴെയുള്ള വേദഭാഗം ശൗൽ യേശുവിനെ *കേട്ടു* എന്നുമാത്രമേ പറയുന്നുള്ളൂ, എന്നാൽ തുടർന്നുള്ള വേദഭാഗം പറയുന്നതു ശൗൽ യേശുവിനെ *കാണുകയും* ചെയ്തു എന്നാണ് (9:17, 27; 1 കൊരിന്ത്യർ 9:1; മുതലായവ). [47]പ്രവൃത്തി 22:8. [48]ചിലർ വിചാരിക്കുന്നു പൗലൊസിനു "ജഡത്തിലുണ്ടായിരുന്ന മുള്ള്" (2 കൊരിന്ത്യർ 12:7-10) അപസ്മാരമായിരുന്നു എന്നാണ്. അതെന്തായിരുന്നു എന്നു നമുക്ക് തീർച്ചയില്ല. [49]ശൗലിന്റെ ജീവിതത്തിൽ ഉടനുണ്ടായ നാടകീയ മാറ്റം തെളിയിക്കുന്നത് അവൻ ഉയർത്തെഴുന്നേറ്റ കർത്താവിനെ കണ്ടു എന്നാണ്. [50]വേദശാസ്ത്രപരമായ അർത്ഥങ്ങൾക്ക് യേശുവിന്റെ വാക്കുകൾ നോക്കൂ, മൂന്നാം പാഠത്തിലെ ആദ്യത്തെ പോയിന്റ് നോക്കുക, "ക്രിസ്തുവിൽ ശിശുക്കളായവർക്ക് പക്വതയുള്ള ഉപദേശങ്ങൾ."

[51]സഭയിലെ അംഗങ്ങൾക്കു വ്യക്തിപരമായ പ്രായോഗികത നടത്താം: നമ്മുടെ സഹോദരീ സഹോദരൻമാരാണ് തെറ്റായി പെരുമാറിയാൽ, ക്രിസ്തുവിനോടു തെറ്റായി പെരുമാറുന്നതിനു തുല്യമാണ്! [52]ഇതു 1:8 ൽ അപ്പൊസ്തലന്മാർക്കു നല്കിയ വെല്ലുവിളിക്കു തുല്യമാണ്. [53]യേശു ശൗലിനു വഴിയിൽ വെച്ചു പ്രത്യക്ഷനായതിന്റെ സൂചനയാണിത്. [54]യേശു പിന്നെയും പൗലോസിനു പ്രത്യക്ഷനായിട്ടുണ്ട് (18:9, 10; 22:17-21; 23:11; കൂടാതെ 2 കൊരിന്ത്യർ 12:1-4, 7). [55]ഈ ദൈവീക സംരക്ഷണം സുവിശേഷം അറിയുന്നതിൽ പൗലോസിനു അതിശയകരമായ ധൈര്യം നല്കി. [56]യേശു നേരിട്ടും അനന്യതയിൽ കൂടെയും, ശൗലിനോട് പറഞ്ഞതിന്റെ ചുരുക്കമാണ്. 26:16-18 എന്നാണ് ചിലർ കരുതുന്നത്. എങ്ങനെയായാലും, വഴിയിൽ വെച്ചു അവൻ യേശുവിലെ കണ്ടപ്പോൾ യേശു ഇതെല്ലാം പറഞ്ഞു എന്നു അവൻ അഗ്രിപ്പാവിനോട് സംസാരിച്ചപ്പോൾ സൂചിപ്പിച്ചു, ഞാൻ അതു ഈ പാഠത്തിൽ ഇപ്പോൾ ഉൾപ്പെടുത്തുകയാണ്. [57]"ടു" എന്ന NASB യിലെ വാക്കു പിൻവരുന്ന ഓരോ ഉദ്ദേശത്തെയും വെളിപ്പെടുത്തുന്നു. [58]എങ്കിലും ഒരു ക്രിസ്ത്യാനി ശൗലിലെ സുവിശേഷവുമായി നേരിടുന്നത് സംഭവിക്കാനിടയില്ല. (അനന്യാസിന്റെ പിന്നീടുള്ള പ്രതികരണം.) [59]ശക്തമായ വാക്കാണ് "മസ്റ്റ്" ശൗലിനോടു ചെയ്യുവാൻ പറഞ്ഞതു *തിരഞ്ഞെടുക്കേണ്ട*തായിരുന്നില്ല. [60]ശൗലിന്റെ കണ്ണുകളിൽ മാത്രമായിരുന്നു ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ദർശനം (1 കൊരിന്ത്യർ 15:8).

[61]ശൗലിനോടു കൂടെ യാത്ര ചെയ്തിരുന്നവരുടെ കാര്യം എടുത്തു വിമർശകർ വൈപരീത്യം ഉണ്ടെന്നു പറയുന്നത്: "അവർ വീണു, പക്ഷെ അവർ എഴുന്നേറ്റു; അവർ കേട്ടു, പക്ഷെ അവർ കേട്ടില്ല." ഒന്നാമത്തെതു, ആദ്യം അവർ വീഴുകയും പിന്നെ എഴുന്നേല്കുകയും ചെയ്തതാകാം, അല്ലെങ്കിൽ വ്യാകുലങ്കാരത്തിൽ "നിശബ്ദമായി നിന്നു പോയതാകാം." (ഉദാഹരണമായി "ഞാൻ അതിനു *നിൽക്കുക*യില്ല".) രണ്ടാമത്തേതു, NASB യിൽ ആകാം ശരിയായ ആശയം: അവർ ഒരു *ശബ്ദം* കേട്ടു, പക്ഷെ അതെന്താണെന്നു *മനസ്സി*ലായില്ല. (ഇതുപോലെയുള്ള സംഭവം, യോഹന്നാൻ 12:29-ൽ കാണാം.) അവർ കേട്ട "ശബ്ദം" *ശൗലിന്റെ*താകാൻ സാമ്യതയുണ്ട്. (9:7), എന്നാൽ അവർ *യേശുവിന്റെ* ശബ്ദം കേട്ടില്ല (22:9). [62]പ്രവൃത്തി 22:11. [63]ആ വീഥി ദമാസ്കസിൽ ഉണ്ട്. അതിനു ഒരു മൈൽ നീളവും അഞ്ചു കോണുകളുമുണ്ട്. (തലതിരിഞ്ഞ പട്ടണങ്ങളിൽ നിന്നു വ്യത്യസ്തമല്ല.) [64]ശൗൽ ക്രിസ്ത്യാനികളെ തേടിപിടിക്കുമ്പോൾ ഈ വീട് തന്റെ ആസ്ഥാനമാക്കാൻ ശ്രമിച്ചിരിക്കാം. [65]കണ്ണുനീർ വ്യംഗ്യാർത്ഥം. [66]പ്രവൃത്തി 9:11 അവന്റെ പ്രാർത്ഥന ചുങ്കകാരന്റേതു പോലെയായിരുന്നു: "ദൈവമേ, പാപിയായ, എന്നോട് കരുണ തോന്നണമേ!" (ലൂക്കോസ് 18:13). [67]യെഹൂദന്മാർ സമയം കണക്കാക്കുന്നതനുസരിച്ചാണെങ്കിൽ, ഒന്നാം ദിവസം ശൗലിനു കർത്താവു പ്രത്യക്ഷമായെന്നും, രണ്ടാം ദിവസം പ്രത്യക്ഷതക്കു ശേഷമുള്ള ദിവസം രണ്ടാം ദിവസമായും, അടുത്ത ദിവസം മൂന്നാം ദിവസമായും കണക്കാക്കാം - അന്നാണ് അനന്യാസ് അവനെ കാണുവാൻ ചെല്ലുന്നത്. [68]ശൗലിനെ കൈവിട്ടതുകൊണ്ട് ആരും അവന് ഭക്ഷണം കൊണ്ടുവരാതിരുന്നതുകൊണ്ടാണ് അവൻ മൂന്നാം ദിവസം തിന്നുകയോ കുടിക്കുകയോ ചെയ്യാതിരുന്നത് എന്നാണ് ചിലർ പറയുന്നത്. ഇങ്ങനെ സംഭവിക്കാനിടയില്ല. ദു:ഖം നിമിത്തം അവൻ ഉപവസിച്ചതാകാം (യോനാ 3:7). അല്ലെങ്കിൽ ഉള്ള് കലങ്ങിമറിഞ്ഞതിനാൽ വിശപ്പുണ്ടായിരിന്നിരിക്കില്ല. [69]ആദ്യമായി ശൗൽ യേശുവിനെ "കർത്താവെ" എന്നു വിളിക്കുന്നു. (9:5; 22:8), അവൻ ആരായിരുന്നു എന്നു ശൗൽ അറിയാതിരുന്നതിനാൽ ആദരണീയമായ വാക്കായി ഉപയോഗിച്ചതാകാം, രണ്ടാം പ്രാവിശ്യം, എങ്ങനെയായാലും (22:10), തന്നോടു സംസാരിക്കുന്നവനെ ശൗൽ അറിഞ്ഞിരുന്നു.ഇപ്പോൾ അവൻ യേശുവിനെ "കർത്താവ്" എന്നു ഏറ്റു പറയുന്നത്. [70]രക്ഷിക്കപ്പെടാൻ എന്തു ചെയ്യണമെന്ന് പറയുവാൻ *മനുഷ്യരെ* ഏൽപ്പിക്കുന്നതാണ് ദൈവത്തിന്റെ പ്രകൃതി (അതുകൊണ്ടാണ് എന്തു ചെയ്യണമെന്ന് ശൗലിനോട് *യേശു* പറയാതിരിക്കാൻ കാരണം). ഈ വസ്തുത ഷണ്ഡന്റെ പരിവർത്തനത്തിൽ പറഞ്ഞിട്ടുണ്ട്. കൊർന്നെല്ലോസിന്റെ പരിവർത്തനത്തിൽ ഊന്നിപ്പറയുകയും ചെയ്യും.